# ഉപസംഹാരം

ഇതോടെ നമ്മുടെ “വിഭാഗരഹിത ക്രിസ്ത്യാനിത്വം” എന്ന പഠനം അവസാനിപ്പിക്കുന്നു. അത് എന്തെങ്കിലും ഗുണം ചെയ്യും എന്നു ഞാൻ ആശിക്കുന്നു. ഇതു എഴുതിയതിനാൽ, എന്റെ പഠനമോ അല്ലെങ്കിൽ എന്റെ യുക്തിയോ, എന്തെങ്കിലും ഉണ്ടെങ്കിൽ കാണിക്കുവാൻ ഞാൻ പരിശ്രമിച്ചിട്ടില്ല. എനിക്കു ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ, അതു തുറന്നതും ലളിതവുമാകണം, അങ്ങനെ സാധാരണക്കാർക്ക് അതു ഡിക്ഷ്ണറി കൂടാതെ വായിക്കുവാൻ കഴിയും. ഞാൻ തുറന്നു എഴുതിയെങ്കിൽ, ലളിതമായി എഴുതി എങ്കിൽ, തിരുവെഴുത്തിൻ പ്രകാരമാണ് ഞാൻ എഴുതിയതെങ്കിൽ, ഞാൻ സംതൃപ്തനാണ്. മറ്റൊരു വിധത്തിലാണെങ്കിൽ എനിക്കു പ്രതിരോധവുമില്ല. വിമർശകർ ഇതിനെ വിമർശിച്ചാൽ, ഞാൻ പഠിപ്പിക്കുവാൻ ഉദ്ദേശിച്ച പാഠത്തെ അവർ വിമർശിക്കട്ടെ.

ഈ പഠനത്തിലെ സത്യം ദൈവം ആത്മാക്കളുടെ രക്ഷക്കും, വിശുദ്ധന്മാരുടെ ഐക്യതക്കും, എവിടെ എല്ലാം സഭ തുടങ്ങി യിട്ടുണ്ടോ, അവിടെ എല്ലാമുള്ള സഭയെ ശക്തിപ്പെടുത്തുവാനും ആണ് ഉപയോഗിക്കുന്നത് എന്നു ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ മരണശേഷം എന്നെക്കുറിച്ചു ഇങ്ങനെ പറയുവാൻ കഴിയണം, “അയാൾ നല്ല ഒരു ക്രിസ്ത്യാനി ആയിരുന്നു,” അർത്ഥം, ഞാൻ, ആത്മാവിലും, എരിവിലും, ധൈര്യത്തിലും ക്രിസ്തുവിന്റെ ഒരു യഥാർത്ഥ അനുയായി ആയിരുന്നു; എന്നാൽ ഞാൻ അവനുള്ളവൻ അവനു മാത്രം ഉള്ളവൻ; എനിക്കു യേശു അല്ലാതെ മറ്റൊരു ഭരണാധികാരി ഇല്ല; എന്റെ പൗരത്വം സ്വർഗ്ഗത്തിലത്രേ; ഞാൻ വാസ്തവത്തിൽ യാത്രക്കാരനും ഭൂമിയിൽ പരദേശിയുമാണ്. നന്മ ചെയ്യുവാനും, തിന്മയെ തടയുവാനും, ദുഷ്ടതയെ അതിജീവിക്കുവാനും, ലോകത്തെ അവനാലും അവൻ മുഖാന്തരവും അനുഗ്രഹിക്കുവാനും ഉള്ള എന്റെ എല്ലാ ശ്രമവും; അവന്റെ വിശുദ്ധ ജീവിതം മനുഷ്യർക്കിടയിൽ വീണ്ടും പുറപ്പെടു വിക്കുക എന്ന ഉദ്ദേശത്തോടെയായിരുന്നു. അവന്റെ രക്തത്തിനായി ഞാൻ കൊടുത്തിട്ടുണ്ട് എന്നു പറയപ്പെടുന്നുവെങ്കിൽ, പിന്നെ ഞാൻ മറ്റൊരു ജ്ഞാപകവും ആവശ്യപ്പെടുന്നില്ല.

© 2009 Truth for Today